# ഗുണഭോക്തൃ പട്ടികയിന്മേലുള്ള അപ്പീലുകള് പരിശോധിച്ച് അന്തിമമാക്കുന്നതിനുള്ള സമയക്ര്മം പുനര് നിശ്ചയിച്ചു.

ലൈഫ് സര്വ്വേ പ്രകാരം തയ്യാറാക്കിയ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള അപ്പീലുകള് രണ്ട് ഘട്ടങ്ങളിലായി പരിശോധിക്കുന്നതിനും ഗ്രാമസഭ/വാര്ഡ്സഭ അംഗീകരിച്ചു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ അംഗീകാരതോടെ അന്തിമ പട്ടിക പ്രസീധീകരിക്കുന്നതിനും സൂചന പ്രകാരം സമയക്ര്മം നിശ്ചയിച്ചിരുന്നു. എന്നാല് ജില്ലാതല അപ്പീലുകളുടെ എണ്ണത്തിലുണ്ടായ ക്ര്മാതീതമായ വര്ധനവും അപ്പീലുകള് പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവും കാരണം ടി സമയക്ര്മം പാലിക്കുന്നതിന് ബുദ്ധിമുട്ടാണ് എന്നതിനാല് സമയക്ര്മം നീട്ടി നല്കണമെന്നും ജില്ലകളില് നിന്ന് കത്തുകള് ലഭിച്ചിട്ടുണ്ട്. മിഷന് ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തില് നിലവിലുള്ള സമയക്ര്മം ചുവടെ ചേര്ത്ത പട്ടിക പ്രകാരം പുനര് നിശ്ചയിക്കുന്നു.

**<u>ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം</u>**

| നടപടി | നിലവിലെ സമയക്രമം | പുതുക്കിയ സമയക്രമം |
|---|---|---|
| ഗുണഭോക്താക്കളുടെ കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറൽ | ജൂലൈ 15 | ജൂലൈ 15 |
| കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതി | ജൂലൈ 30 | ജൂലൈ 30 |
| ആദ്യഘട്ട ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി | ആഗസ്റ്റ് 10 | ആഗസ്റ്റ് 10 |
| ആദ്യഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 31 | ആഗസ്റ്റ് 31 |
| ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി | സെപ്റ്റംബർ 20 | സെപ്റ്റംബർ 20 |
| രണ്ടാം ഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ | സെപ്റ്റംബർ 28 | ഒക്ടോബർ 16 |
| ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം | ഒക്ടോബർ 3 മുതൽ 20 വരെ | ഒക്ടോബർ 19 മുതൽ 28 വരെ |
| ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം | ഒക്ടോബർ 25 | ഒക്ടോബർ 31 |

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ